# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 16, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി

റവന്യൂവും കയറും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

## <u>റവന്യൂ വകുപ്പിന്റെ സേവനങ്ങളിൽ സുതാര്യത</u>

*691 ശ്രീ. വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നിന്നും പൊതു ജനങ്ങൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകൾ, സാമ്പത്തിക സേവനങ്ങൾ എന്നിവ സുതാര്യതയോടെ കൈകാര്യം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം;

(ബി) ഇതിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായം ഉപയോഗപ്പെടുത്തുമോ;

(സി) ഇത് നടപ്പാക്കുന്നതിന് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുമോ എന്നറിയിക്കുമോ?

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റോഡുകളുടെ സുരക്ഷാ ഓഡിറ്റ്</u>

*692 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, കെ. അച്ചുതൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദിഷ്ട റോഡ് വികസന നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കാമോ ;

(ബി) എല്ലാ റോഡുകളുടെയും സുരക്ഷാ ഓഡിറ്റ് നടത്തുന്ന കാര്യം നയത്തിൽ ഉൾപ്പെടുത്തുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സുരക്ഷാ ഓഡിറ്റിന്റെ രീതിയും പ്രവർത്തനങ്ങളും എങ്ങനെയൊക്കെയാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>റേഷൻ കടകൾ നവീകരിക്കുന്നതിന് പദ്ധതികൾ</u>

*693 ശ്രീ. പാലോട് രവി
'' ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ നവീകരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുളള പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) റേഷൻ ചില്ലറ വ്യാപാരികൾ റേഷൻ സാധനങ്ങൾ അർഹതപ്പെട്ടവർക്ക് പൂർണ്ണ തോതിൽ ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുളളത് ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം

*694 ശ്രീ. പി.സി. ജോർജ്
'' എം.വി. ശ്രേയാംസ്കുമാർ
'' റോഷി അഗസ്റ്റിൻ
'' ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക്ക് നിലവാരത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പഠന ത്തോടൊപ്പം പ്രായോഗിക തലത്തിൽ പരിജ്ഞാനം കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് ;

(സി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കാനുതകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

## ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികൾ

*695 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഇവയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്ത് തുക മുതൽമുടക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) എത്ര ലബോറട്ടറികളാണ് ഈ വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി പാഠ്യ പദ്ധതി സമീപന രേഖ</u>

*696 ശ്രീ. സി. ദിവാകരൻ
,, ജി.എസ്. ജയലാൽ
,, ഇ.കെ.വിജയൻ
,, കെ.അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി ഹയർ സെക്കണ്ടറി പാഠ്യ പദ്ധതി സമീപന രേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഈ സമഗ്ര രേഖയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുണ്ടായിരുന്ന പാഠ്യപദ്ധതിയുടെ പോരായ്മകളെക്കുറിച്ച് പഠനം നടത്താതെയാണ് പ്രസ്തുത സമഗ്ര രേഖ തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) യോഗയും, സൂര്യനമസ്ക്കാരവും പഠിപ്പിക്കേണ്ടതില്ലെന്ന ശുപാർശയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഈ ശുപാർശയ്ക്ക് ആധാരമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റീസർവ്വേ അദാലത്തുകൾ</u>

*697 ശ്രീ. വി. റ്റി. ബൽറാം
'' വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ സംബന്ധിച്ച പരാതികൾ പരിഗണിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) എന്നു മുതലാണ് ഈ അദാലത്തുകൾ നടത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റികൾ

*698 ശ്രീ. പുരുഷൻ കടലുണ്ടി
'' പി. കെ. ഗുരുദാസൻ
,, ജി. സുധാകരൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള 'സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി'കൾ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കുന്നുണ്ടോ ; ഇക്കാര്യത്തിൽ എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിലുണ്ടായ ധാരണ എപ്രകാരമാണ് ;

(ബി) ഇത് നിലവിലുള്ള അദ്ധ്യാപക-രക്ഷകർതൃ സമിതികൾക്ക് സമാനമാണോ ;

(സി) ഇവയ്ക്ക് പുറമെ, വിദ്യാലയങ്ങളിൽ 'ധർമ്മസേന' രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇതിന്റെ ഘടനയും പ്രവർത്തനവും അധികാരാവകാശങ്ങളും സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപകർക്കുള്ള പാഠ്യപദ്ധതി</u>

*699

ശ്രീ. സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അദ്ധ്യാപകർക്ക് വേണ്ടി പുതിയ പാഠ്യപദ്ധതിയുടെ കരട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആരാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ഭാഗപത്രം രജിസ്ട്രേഷൻ ഫീസ് ഏകീകരിക്കുന്നതിന് നടപടി

*700 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)
'' പി.കെ. ഗുരുദാസൻ
,, എസ്. ശർമ്മ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാഗപത്രം രജിസ്റ്റർ ചെയ്യുന്നതിന് സംസ്ഥാനത്ത് പലയിടങ്ങളിലും വ്യത്യസ്ത നിരക്കിലുള്ള ഫീസാണ് ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളിൽ അവ്യക്തത ഉള്ളതായി പരാതി ഉയർന്നിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനും ഭാഗപത്രം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് നിരക്ക് ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ, ഐ. സി. എസ്സ്.ഇ സ്കൂളുകളിൽ മലയാളം പഠനം</u>

*701 ശ്രീമതി ഗീതാ ഗോപി
ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. ശശി
ശ്രീമതി.ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സി. ബി. എസ്. ഇ, ഐ. സി. എസ്സ്.ഇ സ്കൂളുകൾക്ക് എൻ. ഒ.സി നൽകിയിട്ടുണ്ട്;

(ബി) ഇത്തരം സ്കൂളുകളിൽ മലയാളം പഠനം നിർബന്ധമാക്കിയിട്ടുണ്ടോ; ഇതിനായുള്ള കേരള പാഠാവലി തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രൈമറി, യു. പി, ഹൈസ്കൂൾ തുടങ്ങിയ ക്ലാസ്സുകളിൽ ആഴ്ചയിൽ എത്ര മണിക്കൂർ വീതം കേരള പാഠാവലി പഠിപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റോഡ് വികസനനയം</u>

*702 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് വികസനനയം രൂപപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാന പാതകൾ നാലുവരിയാക്കാനും ഇവയെ ബന്ധിപ്പിക്കുന്ന മറ്റു റോഡുകൾ രണ്ടുവരിപ്പാതയാക്കാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ആയതിനുള്ള തുക എവിടെ നിന്നാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

എൻ. എ. എ. സിയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡം

*703 ശ്രീ. എൻ. ഷംസുദ്ദീൻ
'' എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകൾക്ക് നാഷണൽ അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ;

(ബി) എൻ. എ. എ. സി. യുടെ അംഗീകാരം ലഭിക്കുന്ന കോളേജുകൾക്ക് ലഭിക്കുന്ന കൂടുതൽ ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള വിശദ വിവരം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്താകെ എത്ര സർക്കാർ, എയിഡഡ് കോളേജുകൾക്ക് എൻ. എ. എ. സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ലാഭം മാര്‍ക്കറ്റിലും മാവേലി സ്റ്റോറിലും വിതരണം ചെയ്യുന്ന സാധനങ്ങള്‍</u>

*704 ശ്രീ. കെ. രാജു
'' സി. ദിവാകരന്‍
'' ചിറ്റയം ഗോപകുമാര്‍
'' പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ലാഭം മാര്‍ക്കറ്റുകളും മാവേലി സ്റ്റോറുകളും മുന്‍ സര്‍ക്കാരിന്റെ കാലത്ത് എത്രയിനം സാധനങ്ങളാണ് വിതരണം ചെയ്തിരുന്നത്; അവയുടെ പട്ടികയും 2011 ഫെബ്രുവരി, മാര്‍ച്ച്, ഏപ്രില്‍ മാസങ്ങളിലെ അവയുടെ വില വിവരവും വിശദമാക്കുമോ;

(ബി) ഇപ്പോള്‍ ഇവയില്‍ കൂടി എത്രയിനം സാധനങ്ങള്‍ വിതരണം ചെയ്യുന്നുണ്ട്; അവയുടെ പട്ടികയും അവയുടെ വില എത്രവീതമാണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സിവില്‍ സപ്ലൈസ് കോര്‍പ്പറേഷനില്‍ ഇപ്പോള്‍ വിറ്റുവരവ് കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിറ്റുവരവ് കുറയാനുണ്ടായ കാരണങ്ങള്‍ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അരിസംഭരണം</u>

*705 ശ്രീ. സി. കൃഷ്ണൻ
,, എസ്. രാജേന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളെ അപേക്ഷിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി സംഭരണം വെട്ടിക്കുറയ്ക്കുകയുണ്ടായോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇങ്ങനെ വെട്ടിക്കുറവ് വരുത്താനുള്ള കാരണം വ്യക്തമാക്കുമോ; ഇത് വിപണിയിൽ വിലക്കയറ്റത്തിന് കാരണമായിട്ടുണ്ടോ;

(സി) മുൻ സർക്കാർ ആരംഭിച്ച 'അരിക്കട' പദ്ധതി വിപണിയിൽ അരിവില നിയന്ത്രിക്കുന്നതിന് സഹായകരമായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അരിക്കട പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും തുടരുന്നുണ്ടോ; ഇതിന് സർക്കാർ പ്രത്യേക ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ എന്ത് തുകയാണ് നൽകിയത്;

(ഡി) പൊതുവിപണിയിൽ അരിവില കുതിച്ചുയരുന്ന സാഹചര്യത്തിൽ കൂടുതൽ അരി സംഭരിച്ച് വിതരണം ചെയ്യുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ അധിക ഫണ്ട് നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പ്ലസ് വൺ അഡ്മിഷൻ</u>

*706 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, റ്റി. വി. രാജേഷ്
ശ്രീമതി കെ. കെ. ലതിക
ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാഭ്യാസ വർഷത്തെ പ്ലസ് വൺ അഡ്മിഷൻ പൂർത്തിയായോ ; എത്ര ഘട്ടങ്ങളായിട്ടാണ് ഇത് പൂർത്തിയാക്കിയത് ;

(ബി) അപേക്ഷിച്ചവരിൽ എത്ര ശതമാനത്തിന് അഡ്മിഷൻ നേടാനായിട്ടുണ്ട് ;

(സി) മാനേജ്മെന്റ് ക്വാട്ട എത്ര ശതമാനമാണ് ; അതനുസരിച്ച് എത്ര പേർക്ക് അഡ്മിഷൻ ലഭിക്കും ;

(ഡി) ഉന്നത വിദ്യാഭ്യാസത്തിന് അവസരം കിട്ടാത്തവർക്കായി എന്തെങ്കിലും പരിഹാരം കാണാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

നിർദ്ദിഷ്ട വാഗൺ ഫാക്ടറിക്കു വേണ്ടി ഏറ്റെടുത്ത സ്ഥലം

*707 ശ്രീ. ജി. സുധാകരൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. സി. കെ. സദാശിവൻ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വാഗൺ ഫാക്ടറിക്ക് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്, എത്ര ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്ഥലത്ത് സർക്കാർ ഉടമസ്ഥതയിൽ ഭൂമി ലഭ്യമായിരിക്കുമ്പോൾ പുതുതായി ഭൂമി ഏറ്റെടുക്കാൻ ഇടയായതെന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(സി) ഏറ്റെടുക്കുന്ന ഈ ഭൂമി സ്വകാര്യ കമ്പനിയ്ക്ക് വേണ്ടിയാണോ എന്നും ഇതിന് തദ്ദേശവാസികളുടെ എതിർപ്പുണ്ടോയെന്നും വ്യക്തമാ ക്കുമോ;

(ഡി) ഫാക്ടറി സ്ഥാപനം ഈ ഭൂപ്രദേശത്തെ പാരിസ്ഥിതികമായി ദോഷം ചെയ്യുന്നതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ശബരിമലയിലേക്കുള്ള പ്രധാന റോഡുകളുടെ അറ്റകുറ്റപ്പണികളും നവീകരണവും

T *708 ശ്രീ. രാജു എബ്രഹാം
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ശിവൻകുട്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്കുള്ള പ്രധാന റോഡുകളുടെ അറ്റകുറ്റപ്പണികളും നവീകരണവും സമയബന്ധിതമായി നടപ്പാക്കാതിരുന്നതിനാൽ കഴിഞ്ഞ സീസണിൽ ഭക്തജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ണാറക്കുളഞ്ഞി - ചാലക്കയം, കണമല - ഇലവുങ്കൽ റോഡുകളുടെ ഉപരിതലം റബ്ബറൈസ് ചെയ്തു നിർമ്മിക്കുന്നതിന് കഴിഞ്ഞ സീസൺ കാലത്ത് തീരുമാനം ഉണ്ടായിട്ടും ഇതുവരെ നടപ്പാക്കപ്പെട്ടിട്ടില്ലാത്തത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ വർഷത്തെ ശബരിമല തീർത്ഥാടന സീസണിനു മുമ്പ് തന്നെ ശബരിമലപാതകൾ ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന മാവേലി സ്റ്റോർ</u>

*709 ശ്രീ. ബി. ഡി. ദേവസ്സി
'' കെ. വി. വിജയദാസ്
,, എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തനക്ഷമമാണോ;

(ബി) എത്രയെണ്ണമാണ് പ്രവർത്തനം ആരംഭിച്ചിരുന്നത്; അതിൽ എത്ര എണ്ണമാണ് നിലവിൽ പ്രവർത്തനക്ഷമമായുള്ളത്;

(സി) പിന്നോക്ക പ്രദേശങ്ങൾക്ക് വളരെ ഉപകാരപ്രദമായ പ്രസ്തുത സംവിധാനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

## <u>മെഗാ ഫുഡ് പാർക്ക്</u>

*710 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. മുരളീധരൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത ഫുഡ് പാർക്കിൽ എത്ര നൂതന ഭക്ഷ്യസംസ്കരണശാലകൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതുവഴി ഏകദേശം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കുട്ടികളുടെ ഉച്ചഭക്ഷണ സമ്പ്രദായത്തിൽ മാറ്റം</u>

*711 ശ്രീ. എ. എം. ആരിഫ്
'' എം. ചന്ദ്രൻ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതിയുടെ നിലവിലുള്ള സമ്പ്രദായത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഏത് ഏജൻസിയുടെ നിർദ്ദേശത്തെ തുടർന്നാണിത്തരത്തിലുള്ള മാറ്റം കൊണ്ടുവരുന്നത് ;

(ബി) ഭക്ഷ്യസാധനങ്ങൾക്ക് കമ്പോളത്തിൽ വില വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പുതിയ സമ്പ്രദായം കുട്ടികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പോഷകാഹാര പദ്ധതി അട്ടിമറിക്കുന്ന ഈ പുതിയ സമ്പ്രദായം പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ആധുനിക സങ്കേതങ്ങളും പൊതുജന പങ്കാളിത്തവും ഉറപ്പുവരുത്തിയുള്ള ദുരന്ത നിവാരണം</u>

*712 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
'' എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ബി. അബ്ദുൾ റസാക്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ സമയോചിതമായി ഇടപെടുന്നതിനും, ദുരന്തസാദ്ധ്യതകൾ ഒഴിവാക്കുന്നതിനും എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി ഏതൊക്കെ ആധുനിക സങ്കേതങ്ങളെ ഉപയോഗപ്പെടുത്താനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അടിയന്തിര ഘട്ടങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനവും, പൊതുജന പങ്കാളിത്തവും ഉറപ്പുവരുത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് വകുപ്പിലെ വിജിലൻസ് വിഭാഗം</u>

*713 ശ്രീ. എളമരം കരീം
,, എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ അരി വ്യാപകമായി കരിഞ്ചന്തയിൽ വിറ്റഴിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റേഷനരി തിരിമറിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിലെ വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വിജിലൻസ് റെയ്ഡുകൾ കൃത്യമായി നടത്താറുണ്ടോ; മൊത്ത ഡിപ്പോകളിൽ നിന്നും വൻതോതിൽ റേഷനരി സ്വകാര്യ ഗോഡൗണുകളിലേക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; ഇത് തടയാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) 2012 ഏപ്രിൽ 14-ന് ശേഷം സിവിൽ സപ്ലൈസ് വിജിലൻസ് സംസ്ഥാനത്ത് എത്ര റെയ്ഡുകൾ നടത്തി എന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ ഭാഗമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>എഫ്. സി. ഐ. ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന അരിയും ഗോതമ്പും</u>

*714 ശ്രീ. ഇ. പി. ജയരാജൻ
,, എ. പ്രദീപ് കുമാർ
,, സി. കെ. സദാശിവൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽ അരിയും ഗോതമ്പും കെട്ടിക്കിടന്ന് നശിക്കുന്നതിനുള്ള കാരണം പരിശോധിക്കുകയുണ്ടായോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) കേട് വന്നതും പുഴുവരിച്ചതുമായ അരി റേഷൻ കടകളിലേയ്ക്കും ഉച്ചക്കഞ്ഞിക്കായി സ്കൂളുകളിലേക്കും വിതരണം ചെയ്യാതിരിക്കുന്നതിന് നിർദ്ദേശം നൽകുമോ ;

(സി) കെട്ടിക്കിടക്കുന്ന അരിയും ഗോതമ്പും സൗജന്യനിരക്കിൽ റേഷൻ കടകൾ വഴി എ. പി. എൽ., ബി. പി. എൽ വ്യത്യാസമില്ലാതെ കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ ഓണച്ചന്ത</u>

*715 ശ്രീ. അൻവർ സാദത്ത്
'' ബെന്നി ബഹനാൻ
'' കെ. ശിവദാസൻ നായർ
'' എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് ഉണ്ടാകുന്ന വിലക്കയറ്റം തടയുന്നതിനായി വിപണിയിൽ ഇടപെടുന്നതിന് സപ്ലൈകോ എന്തെല്ലാം നടപടി കളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഓണച്ചന്തകൾ എന്നു മുതലാണ് ആരംഭിക്കുന്നത്; വിശദമാക്കുമോ;

(സി) സപ്ലൈകോയ്ക്ക് ഇതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചി ട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>എ. എ. വൈ. പദ്ധതി</u>

*716 പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം. ഹംസ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജി സ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. എ. വൈ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാം ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(സി) വയനാട്ടിലെ പ്രാചീന ആദിവാസി കുടുംബങ്ങളെ എ. എ. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് ഒരു വർഷത്തെ കർമ്മപരിപാടിയിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

സ്കൂളുകളിൽ ഒന്നാം ക്ലാസ്സ് മുതൽ ഐ.ടി. പഠനം

*717 ശ്രീ. കെ. അജിത്
'' ഇ. ചന്ദ്രശേഖരൻ
'' ചിറ്റയം ഗോപകുമാർ
'' ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നാം ക്ലാസ്സ് മുതൽ ഐ.ടി. പഠനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായി പ്രത്യേക പാഠ പുസ്തകം തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഐ. ടി. പഠനത്തിനായി പ്രൈമറി തലം ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**16.07.2012-ലെ മറുപടിക്ക്**

<u>സർവ്വേ രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ നടപടി</u>

*718 ശ്രീ. കെ. അച്ചുതൻ
'' വി.ഡി. സതീശൻ
,, ഐ.സി. ബാലകൃഷ്ണൻ
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വേ സംബന്ധിച്ചുള്ള എല്ലാ മാപ്പുകളും അനുബന്ധ രേഖകളും ഡിജിറ്റൈസ് ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനം രൂപീകരിക്കുന്നതിന് മുൻപും പിൻപുമുള്ള എല്ലാ രേഖകളും ഇതിൽ ഉൾപ്പെടുത്തുമോ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

സ്കൂള്‍ വിദ്യാര്‍ത്ഥികളുടെ ഉച്ചഭക്ഷണ പരിപാടി മൂലം സ്കൂളുകള്‍ക്കുണ്ടാകുന്ന ബാദ്ധ്യത

*719 ശ്രീ. കെ. കെ. നാരായണന്‍
'' സാജു പോള്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)
,, ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ വികലമായ നടപടിയെത്തുടര്‍ന്ന് സംസ്ഥാനത്തെ സ്കൂള്‍ വിദ്യാര്‍ത്ഥികളുടെ ഉച്ചഭക്ഷണ പരിപാടി അവതാളത്തിലായിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) അരിയും, ഭക്ഷ്യധാന്യങ്ങളും പാചകക്കൂലിയും പുറമെ ചെലവാകുന്ന തുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസില്‍ നിന്നും മുന്‍കാലങ്ങളില്‍ ലഭ്യമാക്കിയിരുന്നത് കഴിഞ്ഞ ഒരു വര്‍ഷമായി നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ് ;

(സി) ഇതുമൂലം ലക്ഷക്കണക്കിന് രൂപയുടെ ബാദ്ധ്യത ഹെഡ്മാസ്റ്റര്‍മാര്‍ക്ക് വന്നുചേര്‍ന്നിരിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ ;

(ഡി) അരി മാത്രമേ നല്‍കുകയുള്ളുവെന്ന പുതിയ ഉത്തരവിറക്കാനുള്ള സാഹചര്യം എന്താണ് ; ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>റോഡ് ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡ്</u>

*720 ശ്രീ. കെ. എൻ. എ. ഖാദർ
,, സി. മോയീൻ കുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) റോഡ് വികസനകാര്യത്തിൽ ഏതൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) ഇതിനാവശ്യമായ ഫണ്ട് ഏതു വിധത്തിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂൺ 7.

പി. കെ. മുരളീധരൻ,
സെക്രട്ടറി - ഇൻ - ചാർജ്

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.